കമ്പനികളുടെ ഓഡിറ്റ് ദീർഘകാലമായി (രണ്ടു കൊല്ലത്തിൽ കൂടുതൽ) മുടങ്ങിക്കിടക്കുന്നുണ്ട്. അവയുടെ പേരു വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) മുൻകാലങ്ങളിലെ ആഡിറ്റ് പൂർണ്ണമായും പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതും അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്നതുമാണ് ആഡിറ്റ് യഥാസമയം നടക്കാതിരിക്കുന്നതിന്റെ പ്രധാനകാരണം.

(സി) എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും അവയുടെ കണക്ക് ഓരോ സാമ്പത്തികവർഷം പൂർത്തിയായ ഒരു മാസത്തിനുള്ളിൽതന്നെ എഴുതി തയ്യാറാക്കി വയ്ക്കേണ്ടതാണെന്നും, കൂടിശ്ശികയുണ്ടെങ്കിൽ അത് യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. താൽക്കാലിക കണക്കുകൾ എഴുതി തീർത്ത് ഇന്റേണൽ ആഡിറ്റ് നടത്തുവാൻ കമ്പനികൾക്ക് ആവശ്യമാണെങ്കിൽ ഒരു പ്രാക്ടീസിംഗ് ചാർട്ടേർഡ് അക്കൗണ്ടിനെ നിയമിക്കുവാനുള്ള അനുവാദവും നൽകിയിട്ടുണ്ട്. എ.ജി.യുടെ തലത്തിലുള്ള സപ്ലിമെന്ററി ആഡിറ്റിന്റെ കാലദൈർഘ്യം കുറയ്ക്കുവാൻ എ.ജി.യുമായി ആലോചിച്ചശേഷം വേണ്ട നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. നേരത്തെ കമ്പനി ലാ ബോർഡ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ ഒരു കൊല്ലത്തേയ്ക്കാണ് നിയമിച്ചിരുന്നത്. എന്നാൽ കൂടിശ്ശികയുള്ള വർഷങ്ങൾക്കെല്ലാംകൂടി ഒരുമിച്ച് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ നിയമിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടതിന്റെ ഫലമായി ഏറെകൂടിശ്ശികയുള്ള കമ്പനികളിൽ 3 വർഷത്തേയ്ക്ക് ഒരുമിച്ച് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ നിയമിക്കുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും ആഡിറ്റ് കൂടിശ്ശിക വന്നിട്ടുള്ള സ്ഥാപനങ്ങളുടെ മുഖ്യമേധാവികളുടെ യോഗം വിളിച്ചുകൂട്ടി സമയബന്ധിത പരിപാടി തയ്യാറാക്കിയിട്ടുണ്ട്. മാത്രമല്ല, ഈ പ്രശ്നത്തിന്റെ ഗൗരവം പരിഗണിച്ച് ഇതിൽ അന്തർലീനമായ വിവിധ വശങ്ങളെക്കുറിച്ച് റിപ്പോർട്ടു നൽകുവാൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനീസ് ആക്ട്പ്രകാരം ആഡിറ്റ് സമയബന്ധിതമായി ചെയ്തു തീർക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കമ്പനി ലാ ബോർഡാണ് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നത്. അപ്രകാരം നടപടി ഉണ്ടായാൽ സംസ്ഥാന സർക്കാർ ഇടപെടുകയില്ല എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻതന്നെ അത് അഭിമുഖീകരിക്കേണ്ടിവരുമെന്നുമുള്ള താക്കീത് എല്ലാ കമ്പനികൾക്കും നൽകിയിട്ടുണ്ട്.

7 (531) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയും വിപുലീകരണവും

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും വിപുലീകരണത്തിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിന് സർക്കാർ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി എന്തെങ്കിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ കമ്മിറ്റിയുടെ ഘടനയും പ്രവർത്തനവും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കമ്മിറ്റികൾ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനപ്പെട്ട ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പൊതുമേഖലാ സ്ഥാപനങ്ങൾ മിനി ഹൈഡൻ പ്രോജക്ടുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും വിപുലീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരികയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനും മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കാൻ സാധിക്കാത്ത, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭസാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം ലഭ്യമാക്കാൻ വേണ്ടി 240 കോടി രൂപാ ഫണ്ട് ബേസ് ഉള്ള കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് (കെ.ഐ.ആർ.എഫ്) രൂപീകരിച്ചു. ഇതിൽ 180 കോടി രൂപാ ബോണ്ടുകളുടെ വിൽപ്പന വഴിയാണ് സമാഹരിച്ചത്. സർക്കാർ വിഹിതമായി നൽകാനുള്ള ബാക്കിയുള്ള 60 കോടി രൂപയിൽ, 1998-99-ൽ 30 കോടി രൂപയും, 1999-2000-ൽ 15 കോടി രൂപയും ലഭിച്ചിട്ടുണ്ട്. കമ്പനികളുടെ പ്രവർത്തനങ്ങൾ റിയാബ് വിശദമായി അവലോകനം ചെയ്യുന്നുണ്ട്.

(സി)-(ഇ) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കെമിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽസ്, പരമ്പരാഗതം, അഗ്രോ ആന്റ് വുഡ് ബേസ്ഡ് സെക്ടറുകളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഓരോ സെക്ടറിനായും അതാതു മേഖലയിലുള്ള വിദഗ്ദ്ധർ ഉൾപ്പെടുന്ന പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുന്ന സർക്കാർ ഉത്തരവ് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

ഈ കമ്മിറ്റികൾ മുമ്പാകെ, കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകളിൻമേൽ വിശദമായ പഠനം നടത്തിയതിനുശേഷമുള്ള പഠന റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു. കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും ധനം ലഭ്യമാക്കുന്നതിനായി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സെക്ടർ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്താണ് മുൻഗണനാക്രമം നിശ്ചയിക്കുന്നത്. ടെക്സ്റ്റൈൽ സെക്ടർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ, ടെക്സ്റ്റൈൽ സെക്ടർ പുനരുദ്ധരിക്കുന്നതിന് അടിയന്തിരമായി 76 കോടി രൂപാ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെലവിൽ ആധുനിക സാങ്കേതികവിദ്യ ഉൾക്കൊണ്ടുള്ള പ്രവർത്തനമാണ് ശുപാർശ ചെയ്തിരിക്കുന്നത്. മറ്റു സെക്ടർ കമ്മിറ്റി റിപ്പോർട്ടുകൾ തയ്യാറായി വരുന്നതേയുള്ളൂ.

(എഫ്)&(ജി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, മിനി ഫൈഡൽ പ്രോജക്ട് ആരംഭിക്കുവാൻ കമ്പനിതലത്തിൽ പരിശോധനകൾ നടന്നുവരുന്നു.

8 (532) വ്യവസായ വികസനത്തിനുള്ള നടപടികൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) വിദേശരാജ്യങ്ങളുടെ സഹായത്തോടുകൂടെയോ പങ്കാളിത്തത്തോടെയോ സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി വ്യവസായ വകുപ്പുമന്ത്രിയും ഉന്നത ഉദ്യോഗസ്ഥൻമാരും എത്ര വിദേശയാത്രകൾ നടത്തിയിട്ടുണ്ടെന്ന വിശദവിവരം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചാനിരക്ക് കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ എത്രമാത്രം ഉയർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് വ്യവസായ വളർച്ച മുരടിപ്പ് ഉണ്ടെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ജി) സർക്കാർ ലക്ഷ്യമിട്ട നിരക്കിൽ വളർച്ചാ നിരക്ക് നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ സ്ഥാപിച്ചു. ഇൻഫർമേഷൻ ടെക്നോളജി കമ്പനികളെയും ഇലക്ട്രോണിക്സ് കമ്പനികളെയും ആകർഷിക്കുന്നതിനായി ടെക്നോപാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നു. 1998 ൽ ഐ.ടി. നയവും വ്യവസായനയവും പ്രഖ്യാപിച്ചു. ടെക്നോപാർക്കിൽ എസ്.ഐ.റ്റി.എം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 20 കോടി രൂപയുടെ വെൻചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഫ്റ്റ് വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. ടെക്നോപാർക്ക് വ്യവസായ എക്സിബിഷനുകളിൽ പങ്കെടുക്കുന്നു. ദേശീയ അന്തർദേശീയ തലത്തിലുള്ള കമ്പനികളുമായി ബന്ധപ്പെടുകയും അവരുമായി നിരന്തരം ചർച്ചകൾ നടത്തുകയും ചെയ്യുന്നു. ടെക്നോപാർക്കിന്റെ വളർച്ചയ്ക്കായി ഒരു ജോയിന്റ് വെൻചർ കമ്പനി ആരംഭിക്കാനുള്ള നടപടിയെടുത്തു. എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ വ്യവസായ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കിൻഫ്ര നടത്തിവരുന്നു. വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ച് പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നു. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ആവശ്യമായ ലൈസൻസുകളും ക്ളിയറൻസുകളും സർട്ടിഫിക്കറ്റുകളും എളുപ്പത്തിൽ

LIBRARY ARCHIVES Kerala Legislative Assembly